ഉത്തരം

(എ)&(ബി) ഉണ്ട്.

(സി)&(ഡി) കേസ്സ് അന്വേഷണത്തിലാണ്.

(ഇ) കേസ്സ് ക്രൈംബ്രാഞ്ച് അന്വേഷിച്ചുവരുന്നു.

58 (1418) മഞ്ചേരി, കൊണ്ടോട്ടി, അരീക്കോട് സ്റ്റേഷൻ അതിർത്തിക്കുള്ളിൽ നടന്ന കൊലപാതകങ്ങൾ

ശ്രീ. ഇസ്ഹാക് കുരിക്കൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യ മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം മഞ്ചേരി, കൊണ്ടോട്ടി, അരീക്കോട് എന്നീ പോലീസ്സ്റ്റേഷൻ അതിർത്തിക്കുള്ളിൽ എത്ര കൊലപാതക കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്;

(ബി) ഇവയിൽ എത്ര കേസ്സുകളിലെ പ്രതികളെ പിടികൂടാൻ കഴിഞ്ഞിട്ടുണ്ട്;

(സി) ഇനിയും എത്ര പേരെ പിടികൂടുവാനുണ്ട്;

(ഡി) ഇവരെ പിടികൂടാൻ എന്തെല്ലാം നടപടികൾ കൈക്കൊണ്ടിട്ടുണ്ട്;

(ഇ) ഈ കേസ്സുകളിൽ എന്നത്തേയ്ക്ക് ചാർജ്ജ്ഷീറ്റ് നൽകാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു?

ഉത്തരം

(എ) മഞ്ചേരി, കൊണ്ടോട്ടി, അരീക്കോട് സ്റ്റേഷനുകളിൽ യഥാക്രമം 6,6,3 കേസ്സുകൾ രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുണ്ട്.

(ബി) മഞ്ചേരി, പോലീസ് സ്റ്റേഷനിലെ ആറു കേസ്സിലേയും, അരീക്കോട് സ്റ്റേഷനിലെ 3 കേസ്സിലേയും കൊണ്ടോട്ടി സ്റ്റേഷനിലെ 3 കേസ്സിലേയും പ്രതികളെ അറസ്റ്റ് ചെയ്തിട്ടുണ്ട്.

(സി) കൊണ്ടോട്ടി സ്റ്റേഷനിലെ രണ്ടു കേസ്സിലെ പ്രതികളെ പിടികൂടാനുണ്ട്. ഒരു കേസ്സിലെ പ്രതി ആത്മഹത്യ ചെയ്തു.

(ഡി) ഊർജ്ജിതമായ അന്വേഷണം തുടരുന്നു.

(ഇ) ഇതുവരെ നാലു കേസ്സുകളിൽ ചാർജ്ജ് ഷീറ്റ് നൽകിയിട്ടുണ്ട്. ഒരു കേസ്സിലെ പ്രതി ആത്മഹത്യ ചെയ്തതിനാൽ ടി കേസ്സ് അബേറ്റ് ചെയ്തിട്ടുള്ളതാണ്. രണ്ടു കേസ്സിലെ പ്രതികളെ പിടികൂടുന്ന മുറയ്ക്ക് ബാക്കി എട്ടു കേസ്സുകളിലെ എഫ്.എസ്.എൽ. റിപ്പോർട്ട് കിട്ടുന്ന മുറയ്ക്കും പ്രതികളെ പിടികൂടുന്ന മുറയ്ക്കും ചാർജ്ജ്ഷീറ്റ് നൽകുന്നതാണ്.

59 (1419) കുത്തുപറമ്പ് വെടിവെയ്പ്

ശ്രീ. എ.കെ. മണി : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

കുത്തുപറമ്പ് വെടിവെയ്പ് സമയത്ത് കെ.എ.പി. കമാണ്ടറായിരുന്ന ശേഖരൻ മിനിയോടെനെ കേസ്സിൽ പ്രതിയാക്കണമെന്നാവശ്യപ്പെട്ടുകൊണ്ട്

LIBRARY ARCHIVES Kerala Legislative Assembly

പ്രസ്തുത വെടിവെയ്പ് കേസ്സിലുൾപ്പെട്ട 14 പോലീസുകാർ ഹൈക്കോടതിയിൽ റിട്ട് ഫയൽ ചെയ്തതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉത്തരം

ഇല്ല.

60 (1420) ഡിപ്പാർട്ട്മെന്റൽ പ്രൊമോഷൻ ബോർഡ്

ശ്രീ. പി.പി. സുലൈമാൻ റാവുത്തർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പോലീസ് ഡിപ്പാർട്ടുമെന്റിൽ ഇന്റലിജന്റ് വിഭാഗമുൾപ്പെടെയുള്ള ചില വിഭാഗങ്ങളിൽ ഹെഡ്കോൺസ്റ്റബിൾ തസ്തികയിൽ നിന്നും പ്രൊമോഷൻ നടത്തുന്നതിനുള്ള ഡിപ്പാർട്ടുമെന്റൽ പ്രൊമോഷൻ ബോർഡ് വളരെക്കാലമായി കൂടാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇക്കാര്യത്തിൽ അടിയന്തിര നടപടി സ്വീകരിച്ച് പ്രൊമോഷന് അർഹതയുള്ളവർക്ക് പ്രൊമോഷൻ നൽകാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ)&(ബി) ഉണ്ട്. ഹെഡ്കോൺസ്റ്റബിൾ തസ്തികയിൽ നിന്നും എ. എസ്.ഐ. തസ്തികയിലേക്ക് പ്രൊമോഷൻ നൽകുന്നതിന് ഡി.പി.ബി. കൂടിയാണു സെലക്ട് ലിസ്റ്റ് തയ്യാറാക്കുന്നത്. ഡി.പി.ബി. അടിയന്തിരമായി കൂടി അർഹതപ്പെട്ടവർക്ക് പ്രൊമോഷൻ നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

61 (1421) പോലീസ് സേനയുടെ നവീകരണത്തിനുള്ള ധനസഹായം

ശ്രീ. എളമരം കരീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന പോലീസ് സേനയുടെ നവീകരണത്തിനും പരിശീലനത്തിനുംവേണ്ടി കേന്ദ്ര ഗവൺമെന്റിൽ നിന്നും 1998-1999-ൽ എന്തെങ്കിലും ധനസഹായം ലഭിച്ചിരുന്നോ;

(ബി) എങ്കിൽ ഇനം തിരിച്ചുള്ള കണക്ക് വ്യക്തമാക്കാമോ?

ഉത്തരം

(എ)&(ബി) 1998-1999-ൽ സംസ്ഥാന പോലീസ് സേനയുടെ നവീകരണത്തിനുവേണ്ടി കേന്ദ്ര ഗവൺമെന്റിൽനിന്നും 1,32,67,995/-രൂപ (ഒരു കോടി മുപ്പത്തിരണ്ടു ലക്ഷത്തി അറുപത്തിയേഴായിരത്തി തൊള്ളായിരത്തി തൊണ്ണൂറ്റിയഞ്ച് രൂപ മാത്രം) ലഭിച്ചിട്ടുണ്ട്. ഇതിൽ 52,97,985/- രൂപ 1996-1997-ലെയും, 79,70,010/- രൂപ 1997-98-ലെയും വിഹിതമാണ്.

LIBRARY ARCHIVES Kerala Legislative Assembly